ക്ലാസ് ഫോർ ജീവനക്കാരുടെ വകുപ്പുതല പ്രമോഷൻ ഏകീകരണം

69 (79) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 9-ാം ശമ്പളകമ്മീഷൻ റിപ്പോർട്ടിൽ ക്ലാസ് ഫോർ വിഭാഗം ജീവനക്കാരുടെ വകുപ്പുതല പ്രമോഷൻ ഏകീകരണം സംബന്ധിച്ച് എന്തെങ്കിലും പരാമർശം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) വകുപ്പുതല പ്രമോഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) വകുപ്പുതല പ്രമോഷൻ നൽകുന്നതുകൊണ്ട് സർക്കാരിന് എന്തെങ്കിലും അധികസാമ്പത്തികബാധ്യത ഉണ്ടാകുന്നുണ്ടോ ; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ ;

(ഡി) ക്ലാസ് ഫോർ വിഭാഗം ജീവനക്കാരുടെ ശമ്പളസ്കെയിലിലുള്ള അപാകതകൾ എന്തൊക്കെയെന്ന് കണ്ടെത്തി അവ പരിഹരിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കമ്മീഷൻ റിപ്പോർട്ടിൽ പരാമർശങ്ങൾ ഒന്നും ഇല്ല.

(ബി) നിലവിൽ വകുപ്പുതലത്തിലാണ് പ്രൊമോഷൻ നൽകിവരുന്നത്.

(സി) ഇല്ല.

(ഡി) റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയും ധനകാര്യ വകുപ്പും പരിശോധിച്ചുവരുന്നു.

ഡിപ്പാർട്ട്മെന്റൽ പരീക്ഷയുടെ റിസൽട്ട് തടഞ്ഞ സംഭവം

70 (82) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന ഡിപ്പാർട്ട്മെന്റ് ടെസ്റ്റിൽ പങ്കെടുക്കുകയും റിസൽട്ട് വന്നപ്പോൾ അപേക്ഷയിൻമേൽ സാക്ഷ്യപ്പെടുത്തിയിട്ടുള്ള മേലധികാരിയുടെ പേര് രേഖപ്പെടുത്തിയിട്ടില്ല എന്ന കാരണത്താൽ റിസൽട്ട് തടഞ്ഞുവയ്ക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും കേസ് നിലവിൽ ഉണ്ടോ ; എങ്കിൽ ആരുടേത് എന്ന് വിശദമാക്കുമോ ;

(ബി) തടഞ്ഞുവച്ചിട്ടുള്ള റിസൽട്ട് പ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) ഹാൾടിക്കറ്റ് വിതരണം ചെയ്യുകയും പരീക്ഷയ്ക്ക് പങ്കെടുപ്പിക്കുകയും ചെയ്തശേഷം റിസൽട്ട് തടഞ്ഞുവയ്ക്കുന്ന നിലപാട് ഇല്ലാതാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2010 ജൂലൈ മാസത്തിൽ പി.എസ്.സി. നടത്തിയ ഡിപ്പാർട്ട് മെന്റൽ പരീക്ഷക്ക് ശ്രീമതി കവിത. ജി. (എൽ.ഡി.സി., ഹരിപ്പാട് സ്പെഷ്യൽ തഹസീൽദാരുടെ കാര്യാലയം) എന്ന ഉദ്യോഗസ്ഥ സമർപ്പിച്ച അപേക്ഷയിൽ

LIBRARY ARCHIVES Kerala Legislative Assembly

അറ്റസ്റ്റിംഗ് ഓഫീസറുടെ പേര് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ടിയാളുടെ അപേക്ഷ നിയമാനുസൃതം നിരസിക്കപ്പെട്ടു. ടിയാളുടെ അപേക്ഷ ലഭിച്ചവേളയിൽ സോപാധികമായി ഉൾപ്പെടുത്തി സ്ക്രൂട്ടിനി ചെയ്തപ്പോൾ വിജ്ഞാപനത്തിലെ വ്യവസ്ഥപ്രകാരം നിരസിക്കേണ്ട അപേക്ഷയായതിനാൽ ടി അപേക്ഷ നിരസിച്ചു. ടിയാൾക്ക് അഡ്മിഷൻ ടിക്കറ്റ് നല്കിയിട്ടില്ല. എന്നാൽ ടിയാൾ കൊല്ലം ജില്ലാ ഓഫീസറിൽനിന്നും ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് വാങ്ങി പരീക്ഷ എഴുതിയെങ്കിലും ടിയാളുടെ പരീക്ഷാഫലം തടഞ്ഞുവച്ച് കാരണം കാണിക്കൽ നോട്ടീസ് നല്കി നിയമാനുസൃതം ടിയാളുടെ പരീക്ഷാഫലം റിസൽട്ട് ഷീറ്റിൽനിന്നും നീക്കം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. ചട്ടപ്രകാരം പൂർണ്ണമല്ലാത്ത അപേക്ഷ സമർപ്പിച്ച ടിയാളുടെ പരീക്ഷാഫലം റദ്ദുചെയ്തിട്ടുണ്ട്.

(സി) ടിയാൾക്ക് ഡിപ്പാർട്ടുമെന്റൽ പരീക്ഷാ വിഭാഗത്തിൽനിന്നും അഡ്മിഷൻ ടിക്കറ്റ് നല്കിയിട്ടില്ല. കൊല്ലം ജില്ലാ ഓഫീസറിൽനിന്നും ഡ്യൂപ്ലിക്കേറ്റ് അഡ്മിഷൻ ടിക്കറ്റ് വാങ്ങി പരീക്ഷ എഴുതിയ ടിയാൾ ശരിയായവിധത്തിൽ അപേക്ഷ പൂരിപ്പിച്ച് നൽകിയിരുന്നില്ല എന്ന വിവരം പരിശോധനയിൽ ബോദ്ധ്യമായതിനാൽ ടിയാളുടെ പരീക്ഷാഫലം റദ്ദാക്കുകയാണുണ്ടായത്.

സി-ഡിറ്റിലെ നിയമനം

71 (84) ശ്രീ. ജി. കാർത്തികേയൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിൽ 29-9-2008-ലെ 222/08/ഐ&പി.ആർ.ഡി. നമ്പർ ഉത്തരവ്പ്രകാരം 55 ജീവനക്കാരെ റഗുലറൈസ് ചെയ്യാൻ സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കുമോ ;

(ബി) സി-ഡിറ്റിൽ 29-3-2000-ലെ 7-ാമത്തെ ഗവേണിംഗ് ബോഡിയുടെ തീരുമാനം അനുസരിച്ച് എത്ര ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിരുന്നത്. അവരുടെ പേര് വിവരങ്ങൾ വിശദമാക്കുമോ ; 7-ാമത്തെ ജി.ബി.-ക്ക് ശേഷം ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടായിരുന്നുവോ ; എങ്കിൽ അവരുടെ പേരുവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) ഗവേണിംഗ് ബോഡി (ജി.ബി.)-യുടെ തീരുമാനമില്ലാതെ ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ നേരിട്ട് എന്തെങ്കിലും ജീവനക്കാരെ 29-9-2008-ലെ ഉത്തരവുപ്രകാരം സർക്കാർ സ്ഥിരപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സി-ഡിറ്റിലെ ഭരണസമിതികളായ എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയും സ്ഥിരപ്പെടുത്തുവാൻ തീരുമാനിക്കാത്ത ഏതെങ്കിലും ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഇ) 29-3-2000-ൽ ഭരണസമിതി സി-ഡിറ്റിലെ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ തീരുമാനിച്ചശേഷം നിയമിക്കപ്പെട്ട ജീവനക്കാരിൽ തുടർച്ചയായി ജോലിനോക്കിവരുന്നവരെ സീനിയോറിറ്റി മാനദണ്ഡമായി റഗുലറൈസ് ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly